"ഭരണഭാഷ-മാതൃഭാഷ"

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

തീയതി : 19-08-2021

**കേരള പ്രിസൺസ് &**
**കറക്ഷണൽ സർവ്വീസസ്**

## സർക്കുലർ നം 53

**കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ പരോളിൽ പോയ അന്തേവാസികളെ 2021 ആഗസ്റ്റ് 23-ന് ശേഷം തിരികെ ജയിലിൽ പ്രവേശിപ്പിക്കുമ്പോൾ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.**

1) അന്തേവാസികളെ ജയിലുകളിൽ പ്രവേശിപ്പിക്കുമ്പോൾ കോവിഡ് മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കേണ്ടതാണെന്നും രോഗപ്രതിരോധത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും തടവുകാർക്ക് കർശന നിർദ്ദേശം നൽകേണ്ടതാണ്. 48 മണിക്കൂറിനുള്ളിൽ എടുത്ത ആർ.റ്റി.പി.സി.ആർ ടെസ്റ്റ് റിസൾട്ട് ഹാജരാക്കുന്നത് അഭികാമ്യമാണെന്ന് പരോളിലുള്ള എല്ലാ അന്തേവാസികൾക്കും അറിയിപ്പ് നൽകാവുന്നതാണ്.

2) ജയിലിൽ പ്രവേശിപ്പിക്കുന്നവരെ ചുരുങ്ങിയത് 7 ദിവസം നിരീക്ഷണത്തിൽ പാർപ്പിക്കേണ്ടതാണ്. കോവിഡ് പ്രതിരോധ/ നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി ജയിലുകളിൽ പുതുതായി എത്തുന്ന തടവുകാരെയെന്ന പോലെ പരോൾ കഴിഞ്ഞ് എത്തുന്നവരെയും ടെസ്റ്റ് റിസൾട്ട് ഇല്ലെങ്കിൽ സ്ക്രീൻ ചെയ്ത് സ്രവ പരിശോധന നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) പരോളിൽ പോയ അന്തേവാസികൾ ജയിലിന് പുറത്ത് വച്ച് വാക്സീൻ സ്വീകരിച്ചിട്ടുണ്ടെങ്കിൽ, കോവിൻ പോർട്ടലിൽ നിന്നുള്ള സർട്ടിഫിക്കറ്റിന്റെ പകർപ്പ് കൂടി പ്രവേശനസമയത്ത് ഹാജരാക്കുവാൻ കാലേക്കൂട്ടി നിർദ്ദേശം/അറിയിപ്പ് നൽകേണ്ടതും ടി രേഖകളുടെ ആധികാരികത ബന്ധപ്പെട്ട സ്ഥാപനമേധാവികൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.

4) ജയിലിന് പുറത്ത് വച്ച് ആദ്യ ഡോസ് വാക്സിനേഷൻ സ്വീകരിച്ചിട്ടുള്ളവർക്ക് കൃത്യ സമയത്ത് തന്നെ രണ്ടാം ഡോസ് വാക്സിനേഷൻ നൽകുന്നതിനും വാക്സിനേറ്റഡ് അല്ലാത്തവർക്ക് അടിയന്തിരമായി ആദ്യ ഡോസ് വാക്സീൻ നൽകുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതും ഇതുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും മേഖലാ ഡി.ഐ.ജി മാർ മുഖേന ജയിൽ ആസ്ഥാനകാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്.

5) കോവിഡ് രോഗവ്യാപന സാഹചര്യം ഒഴിവാക്കുന്നതിനായി സർക്കാരും ആരോഗ്യ പ്രവർത്തകരും നൽകിയിട്ടുള്ള കോവിഡ് പ്രതിരോധ നിർദ്ദേശങ്ങളും ജയിൽ ആസ്ഥാനകാര്യാലയത്തിൽ നിന്നും മുമ്പ് പലപ്പോഴായി പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങളും വീഴ്ചകൂടാതെ പാലിക്കേണ്ടതുമാണ്.

6) പ്രധാന ജയിലുകളിലെ മെഡിക്കൽ ഓഫീസർമാരും മറ്റ് പാരാ മെഡിക്കൽ ഉദ്യോഗസ്ഥരും തടവുകാരെ പുനഃപ്രവേശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കേണ്ടതും മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതും നിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങൾ മുൻകൂട്ടി സംഘടിപ്പിക്കേണ്ടതുമാണ്.

7) ക്വാറന്റൈൻ സംവിധാനങ്ങൾ മുമ്പ് നിശ്ചയിച്ചിരുന്നത് പോലെയോ സന്ദർഭത്തിന് അനുയോജ്യമായ തരത്തിലോ നിർണ്ണയിച്ച് പ്രവർത്തിപ്പിക്കുന്നതിന് മേഖല ഡി.ഐ.ജി മാർ സ്ഥാപനമേധാവികൾക്ക് കൃത്യമായ നിർദ്ദേശം നൽകേണ്ടതും പ്രവർത്തനങ്ങൾ നേരിട്ട് ഏകോപിപ്പിക്കേണ്ടതും ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതുമാണ്.

ഡോ ഷെയ്ക്ക് ദർവേഷ് സാഹിബ് ഐപിഎസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ സ്ഥാപനമേധാവികൾക്കും

പകർപ്പ് : ഡി.ഐ.ജി ഓഫ് പ്രിസൺസ്,
ഉത്തര/മദ്ധ്യ/ദക്ഷിണ മേഖല.

DIG(HQ)-21375/2021/PrHQ
a666f4